US PROFILES

ആർജെ ലക്ഷ്മി പീറ്റർ

emalayalee.com

മേരീ ആവാസ് സുനോ: ആർജെ ലക്ഷ്മി പീറ്റർ

◉ മീട്ടു റഹമത്ത് കലാം

ഹ്യൂസ്റ്റണിൽ സോൾ എഫ്.എം 103.5 എന്ന പുതിയ ബോളിവുഡ് റേഡിയോ സ്റ്റേഷൻ ആരംഭിച്ച ആർജെ ലക്ഷ്മി പീറ്റർ അമേരിക്കൻ മലയാളികൾക്ക് സുപരിചിതയാണ്. കേരളത്തിൽ വേരുകളുള്ള വനിതകൾ അമേരിക്കയിൽ പല സംരംഭങ്ങളിലേക്ക് കടന്നുവന്നിട്ടുണ്ടെങ്കിലും ബോളിവുഡ് മ്യൂസിക് സ്റ്റേഷൻ തുടങ്ങുന്നത് ഇതാദ്യമായാണ്. എഞ്ചിനീയറിംഗ് പ്രൊഫഷനിൽ നിന്ന് കഴിഞ്ഞ 13 വർഷക്കാലമായി റേഡിയോ ജോക്കി എന്ന നിലയിൽ ആർജ്ജിച്ച അറിവുകളുമായാണ് ഈ ചുവടുവയ്പ്പ്. നൃത്തം,സംഗീതം,മോഡലിംഗ് എന്നിങ്ങനെ കൈവച്ച മേഖലകളിലെല്ലാം തന്റേതായ ഇടം നേടിയെടുത്ത ലക്ഷ്മി പീറ്റർ ഇ-മലയാളിയോട് സംസാരിക്കുന്നു...

പഠിച്ചതും വളർന്നതും അമേരിക്കയിൽ തന്നെ ആയിരുന്നോ?

മാതാപിതാക്കൾ കോട്ടയം സ്വദേശികളാണ്. യുഎസിൽ ഡാലസിലാണ് ഞാൻ ജനിച്ചത്. കുറച്ചു നാൾ സൗദി അറേബ്യയിലായിരുന്നു.എഞ്ചിനീയറിംഗ് പഠിക്കാനാണ് ആദ്യമായി കേരളത്തിലേക്ക് പോയത്. ആ വർഷങ്ങളാണ് എന്റെ മലയാളം മെച്ചപ്പെടുത്തിയത്.കൊല്ലം ടി.കെ.എം കോളജിൽ നിന്ന് ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് പാസായി. നൃത്തവും സംഗീതവും ഗൗരവമായി പഠിച്ചത് ആ കാലയളവിലാണ്. കലാക്ഷേത്രയിലെ നിർമ്മല നാരായണനാണ് ഭരതനാട്യത്തിലെ ഗുരു. കൊച്ചിൻ കലാഭവനിൽ നിന്ന് വയലിൻ പഠിച്ചു. മാസ്റ്റേഴ്സ് കഴിഞ്ഞ ഇടയ്ക്ക് നാട്ടിൽ കുറച്ചുകാലം

emalayalee.com

ബജാജിൽ ജോലി ചെയ്തു. പിന്നെയും ഡാലസി ലേക്കും ഹ്യൂസ്റ്റണിലേക്കും ജീവിതം വഴിമാറി.

അമേരിക്കയിൽ ഡാൻസ് സ്കൂൾ തുടങ്ങാൻ കാരണമെന്താണ്?

കേരളത്തിൽ നിന്ന് തിരിച്ചുവന്നത് നാടിന്റെ സംസ്കാരം മനസ്സിലാക്കിക്കൊണ്ടാണ്.അമേരിക്കയിലെ മലയാളിക്കുട്ടികളെ നമ്മുടെ തനതുകലയിലേക്ക് ആകർഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡാൻസ് ആൻഡ് മ്യൂസിക് സ്കൂൾ തുടങ്ങിയത്.ഭരതനാട്യവും കർണാടിക് വോക്കൽസും പഠിപ്പിക്കുന്നുണ്ട്. 12 വർഷമായി അത് നല്ലരീതിയിൽ മുന്നോട്ടുപോകുന്നു.

മലയാളി വനിത അമേരിക്കയിൽ ബോളിവുഡ് റേഡിയോ സ്റ്റേഷൻ തുടങ്ങുന്നു എന്നുകേൾക്കുമ്പോൾ ഒരു കൗതുകമുണ്ട്.വ്യക്തിപരമായി എന്ത് തോന്നുന്നു?

പത്തുഭാഷകളിൽ പാടുന്ന ആളാണ് ഞാൻ.ഭാഷകൾ പഠിക്കാൻ വലിയ താല്പര്യമാണ്.ഹിന്ദി ഗാനങ്ങളും ബോളിവുഡ് സംഗീതവും ലോകമെങ്ങും ആരാധകരുള്ള ഒരു ശാഖയാണല്ലോ. ലതാജിയുടെ പഴയ ഗാനങ്ങൾ തൊട്ട് ശ്രേയ ഘോഷാലിന്റേത് വരെ എല്ലാവരും ആസ്വദിക്കുന്നുണ്ട്.പുറത്തുവളർന്നതുകൊണ്ട് പല കമ്മ്യൂണിറ്റിയിൽപ്പെട്ടവർ അവരുടെ ഫങ്ഷനുകൾക്ക് എന്നെ പാടാൻ വിളിക്കും. മലയാളം,തമിഴ്,തെലുങ്ക്,കന്നഡ,ഗുജറാത്തി,മറാഠി, അറബിക്,ഇംഗ്ലീഷ് അങ്ങനെ വിവിധ കമ്മ്യൂണിറ്റികൾക്ക് അനുയോജ്യമായ തരത്തിൽ അവരുടെ കല്യാണങ്ങൾക്കും മറ്റു ചടങ്ങുകൾക്കും പാടാറുണ്ട്.

നിലവിലെ റേഡിയോ സ്റ്റേഷനുകളിൽ നിന്ന് സോൾ എഫ്എം 103.5 ന് എന്ത് വ്യത്യസ്തതയാണ് അവകാശപ്പെടാനുള്ളത്?

ഇവിടത്തെ ടോപ് സ്റ്റേഷനുകൾ രണ്ടും പുരുഷന്മാരുടെ ഉടമസ്ഥതയിലുള്ളതാണ്. അവരൊക്കെ അവതാരകരെ ഹയർ ചെയ്താണ് ഷോ നടത്തുന്നത്. പൂനെയിൽ ആയിരുന്നപ്പോൾ,റേഡിയോ മിർച്ചിയിൽ പ്രോഗ്രാം അവതരിപ്പിച്ചുകൊണ്ടാണ് ഞാൻ റേഡിയോ ജോക്കിയുടെ കുപ്പായം അണിഞ്ഞത്. അന്ന് പഠനത്തോടൊപ്പം ഒരു പോക്കറ്റ് മണി എന്നേ ചിന്തിച്ചിരുന്നുള്ളൂ.ഗായിക കൂടി ആയതുകൊണ്ട് വോയിസ് മോഡുലേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ അറിയാമായിരുന്നു.കേരളത്തിൽ വച്ച് ഏഷ്യാനെറ്റിലും കൈരളിയിലും പ്രോഗ്രാം അവതരിപ്പിച്ച പരിചയവുമുണ്ട്.അധികം പരിശീലനം കൂടാതെ സ്വതസിദ്ധമായൊരു ശൈലി വികസിപ്പിക്കാൻ സാധിച്ചതാണ് ഈ രംഗത്തുള്ള എന്റെ ആത്മവിശ്വാസത്തിന് കാരണം.മുൻപ് മലയാളം,തമിഴ്,തെലുങ്ക്,കന്നഡ ഗാനങ്ങൾ അണിയിച്ചൊരുക്കി

ദക്ഷിൺ എന്നൊരു റേഡിയോ സ്റ്റേഷനും ഞാൻ നടത്തിയിരുന്നു.

റേഡിയോ ജോക്കിയായി 13 വർഷത്തെ അനുഭവപരിചയം ഉള്ളതുകൊണ്ടു തന്നെ,എന്റെ ഉടമസ്ഥതയിലുള്ള റേഡിയോയിൽ തനിയെ പരിപാടി അവതരിപ്പിക്കാനും ആളുകളുടെ പൾസ് മനസ്സിലാക്കാനും സാധിക്കും എന്ന മെച്ചമുണ്ട്. അന്ന് ആറായിരം ശ്രോതാക്കൾ ഉണ്ടായിരുന്നു. ബോളിവുഡ് സംഗീതത്തിന് അതിനേക്കാൾ ഇരട്ടി ആരാധകർ ഉണ്ടെന്ന് മനസ്സിലാക്കിത്തന്നെയാണ് സോൾ എഫ്എം ആരംഭിച്ചത്. എനിക്ക് ആവശ്യമുള്ള തരത്തിൽ പരിശീലനം നൽകിയാണ് എന്റെ സ്റ്റേഷനിൽ ആർജെ-കളെ ചേർക്കുക. ഫെമെയിൽ സെൻട്രിക് ആയിട്ട് കുറച്ചു കാര്യങ്ങൾ ചെയ്യാനും ഉദ്ദേശമുണ്ട്.സ്ത്രീകളുടെ ആരോഗ്യം,സുരക്ഷ എന്നിങ്ങനെയുള്ള വിഷയങ്ങളെ

ആസ്പദമാക്കിയുള്ള പരിപാടികൾ കൊണ്ടുവരും.വിനോദത്തിന് മാത്രം പ്രാധാന്യം നൽകുന്ന ഷോകളാണ് അധികവും കണ്ടുവരുന്നത്.അതിൽ മാറ്റം വരുത്തിയാൽ കൂടുതൽ ശ്രോതാക്കളെ ആകർഷിക്കാനാകുമെന്നാണ് കരുതുന്നത്.

ഈ രംഗത്തെ മത്സരം പേടിച്ചാണ് പലരും ഇതിലേക്ക് കടന്നുവരാത്തത്. മാനേജ്മെന്റ് സ്കിൽ ഉള്ളവർക്കേ ഇത് നടത്തിക്കൊണ്ടുപോകാനാകൂ.

റേഡിയോയുമായി ബന്ധപ്പെട്ട് മനസ്സിൽ തങ്ങിനിൽക്കുന്ന ഓർമ്മകൾ?

ടെലിവിഷനേക്കാൾ ശക്തമായൊരു മാധ്യമമാണ് റേഡിയോ.

ഒരു പയ്യൻ അവൻ സ്നേഹിക്കുന്ന പെണ്ണിനെ എന്റെ ഷോയിൽ വിളിച്ച് പ്രൊപ്പോസ് ചെയ്തത് രസകരമായ ഓർമ്മയാണ്. ഷോയുമായി ബന്ധപ്പെട്ട് ഫേസ്ബുക്ക് ലൈവ് പോകുമ്പോ

ഴാണ് പല പിന്നണി ഗായകരും സംഗീത സംവിധായകരും ഇത് കേൾക്കുന്നുണ്ടെന്ന് നമ്മൾ അറിയുന്നത്.സംഗീതം പഠിച്ചിട്ടുള്ളതുകൊണ്ട് ഷോയിൽ എന്റെ അറിവുകൾ ശ്രോതാക്കളുടെ പങ്കുവയ്ക്കാറുണ്ട്. സെലിബ്രിറ്റികൾ അടക്കമുള്ളവർ അതിന് നല്ല അഭിപ്രായം പറഞ്ഞിട്ടുണ്ട്. അതെല്ലാം മനസ്സിൽ സൂക്ഷിക്കുന്ന കാര്യങ്ങളാണ്.

റേഡിയോ അവതാരകരെ ആളുകൾ ശബ്ദത്തിലൂടെ മാത്രം അറിഞ്ഞിരുന്ന കാലമുണ്ടായിരുന്നു.ഇപ്പോൾ അവരുടെ മുഖവും പരിചിതമാണ്.ഈ മാറ്റത്തെ എങ്ങനെ കാണുന്നു?

ഫേസ്ബുക്ക് ലൈവ് വന്നതോടെ ആളുകൾ നമ്മുടെ മുഖം കൂടി കാണുകയാണ്. എനിക്കത് നല്ല കാര്യമായിട്ടാണ് തോന്നുന്നത്. ഉദ്ഘാടനച്ചടങ്ങുകളും മ്യൂസിക് ഷോയും റോഡ് ഷോയും മത്സരങ്ങളും ഇവന്റുകളും സംഘടിപ്പിക്കാനും നടത്താനും ഇതേറെ സഹായകമാണ്.ആർജെ ലക്ഷ്മി പീറ്റർ എന്നുപറയുമ്പോൾ എന്റെ ശ്രോതാക്കൾക്ക് എന്നെ അറിയാം. സെലിബ്രിറ്റികളുടെയോ സ്പോൺസറുടെയോ ടാഗ് ഇല്ലാതെ തന്നെ നമ്മുടെ പേര് കേട്ട് നമ്മുടെ പരിപാടി എത്രത്തോളം ആസ്വാ

ദ്യകരമാകുമെന്ന് മനസ്സിലാക്കി ആളുകൾ എത്തും. മുഖം കൂടി അറിയുന്നതുകൊണ്ട് ആളുകളുടെ സ്നേഹം കൂടിയിട്ടേയുള്ളൂ.

മറ്റൊരു പേരിൽ ആർജെ ആകുന്നതാണോ സ്വന്തം പേരിൽ നിലനിൽക്കുന്നതാണോ നല്ലത്?

സിറിയൻ ഓർത്തോഡോക്സ് ക്രിസ്ത്യൻ കുടുംബമാണ് എന്റേത്. അച്ഛൻ ഒരു എഴുത്തുകാരനായതുകൊണ്ട് ഐശ്വര്യത്തിന്റെ പ്രതീകം എന്ന നിലയിലാണ് ലക്ഷ്മി എന്നുപേരിട്ടത്. ലക്ഷ്മി പീറ്റർ എന്നുള്ള പേര് കൗതുകകരമായി ചോദ്യം ചെയ്യപ്പെട്ടത് കേരളത്തിൽ വന്ന സമയത്താണ്. എനിക്കെന്റെ പേര് ഇഷ്ടമാണ്, വേറൊരു പേര് ചിന്തിക്കാനാവില്ല. ലോകത്ത് വേറൊരു ലക്ഷ്മി പീറ്റർ ഉണ്ടായിരിക്കില്ലല്ലോ. മതത്തിന് അതീതമായി ആളുകളെ സ്നേഹിക്കുന്നതിലാണ് വിശ്വസിക്കുന്നത്. അതുകൊണ്ടാണ് റേഡിയോ സ്റ്റേഷൻ തുടങ്ങിയപ്പോഴും യൂണിവേഴ്സൽ ആയ പേരിട്ടത്. സോൾ അഥവാ ആത്മാവ് എല്ലാവർക്കും ഉണ്ടല്ലോ.സോൾ സിംഫണി എന്നാണ് എന്റെ ബാൻഡിന്റെ പേര്.യുഎസിലും മറ്റു രാജ്യങ്ങളിലും ലൈവ് കോൺസേർട്ടുകൾ ചെയ്യാറുണ്ട്.

ആർജെയ്ക്ക് വേണ്ട ഗുണങ്ങൾ?

ശബ്ദത്തിലൂടെ നമ്മുടെ വ്യക്തിത്വം പ്രകടിപ്പിക്കാൻ കഴിയുക എന്നതാണ് ഏറ്റവും പ്രധാനം.ഒരു തീയേറ്റർ ആർട്ടിസ്റ്റിനോ ഡബ്ബിങ് ആർട്ടിസ്റ്റിനോ ഉള്ളതുപോലെയൊരു കഴിവാണത്. പാട്ടുകളെക്കുറിച്ച് സാമാന്യബോധം ഉണ്ടായിരിക്കണം. സ്ക്രിപ്റ്റ് വച്ചിട്ടല്ല, ലൈവ് ആയി പല മാനസികാവസ്ഥയുള്ള ആളുകൾക്കൊപ്പം സംസാരിച്ച് പരിപാടി മുന്നോട്ടുപോകാനും കഴിയണം.പ്രോഗ്രാമിന്റെ നിലവാരം ആദ്യാവസാനം നിലനിർത്താൻ സാധിക്കുകയും വേണം.

കമ്മ്യൂണിറ്റിക്കുവേണ്ടി എന്തൊക്കെ പരിപാടികൾ ചെയ്യാറുണ്ട്?

ലൈവ് കോൺസെർട്ടുകളുടെ കൂടെ മ്യൂസിക് തെറാപ്പി സെഷൻ നടത്താറുണ്ട്. യോഗയും മെഡിറ്റേഷനും സംഗീതവും ഇടകലർത്തിക്കൊണ്ട് മനസ്സിന് കുളിർമ്മ നൽകുന്നതാണ് സംഭവം. ഇൻഡോർ സീറ്റിങ് അല്ലാതെ പ്രകൃതിയുടെ ഭംഗി ആസ്വദിച്ച് വാദ്യോപകരണങ്ങളുടെ സംഗീതത്തിൽ ലയിച്ച് ഇരിക്കുമ്പോൾ വല്ലാത്തൊരു ശാന്തത അനുഭവപ്പെടുമെന്നാണ് ഇതിൽ പങ്കെടുത്തിട്ടുള്ളവർ പറയുന്നത്. ഒറ്റയ്ക്കും കുടുംബസമേതവും ആളുകൾ വരാറുണ്ട്. വേനലവധിക്കാലത്ത് കുട്ടികൾക്ക് പബ്ലിക് സ്പീക്കിങിന് പരിശീലനം നൽകുന്നുണ്ട്.റേഡിയോ രംഗത്ത് പരിചയമുള്ളവരെ അല്ല ഞാൻ ഹയർ ചെയ്യുന്നത്. ഇതിനോട് താല്പര്യമുള്ള നമ്മുടെ കമ്മ്യൂണിറ്റിയിലുള്ളവർക്ക് അവസരം കൊടുക്കുന്നുണ്ട്. സ്ത്രീകളെ ഇതിലേക്ക് കടന്നുവരാൻ പ്രേരിപ്പിക്കുന്നുമുണ്ട്.

എഞ്ചിനീയർ എന്ന നിലയിൽ?

ഓയിൽ ആൻഡ് ഗ്യാസ് ഫീൽഡിലാണ് ജോലി ചെയ്യുന്നത്. ലോജിക്കൽ സ്കിൽ നേടിയത് എഞ്ചിനീയറിംഗ് പഠനത്തിലൂടെയാണ്.ഏത് പ്രശ്നങ്ങൾക്കും വേഗത്തിൽ പരിഹാരം കണ്ടെത്താൻ സാധിക്കും.റേഡിയോ രംഗത്തും ഇത് ഏറെ സഹായകമായിട്ടുണ്ട്. സാങ്കേതിക വശങ്ങളും കൈകാര്യം ചെയ്യാനാകും.സ്റ്റുഡിയോ മാനേജ്മന്റ് എളുപ്പമായതും ഈ ബാക്ക്ഗ്രൗണ്ട് കൊണ്ടാണ്.

emalayalee.com



മോഡലിംഗ് രംഗത്ത്?

ദക്ഷിൺ യുഎസ്എ എന്ന പേരിൽ എനിക്കൊരു മോഡലിംഗ് ഗ്രൂപ്പുണ്ട്.ബ്യൂട്ടി പാജന്റ്സും ഫാഷൻ ഷോയും സംഘടിപ്പിക്കാറുണ്ട്. എല്ലാ വാരാന്ത്യങ്ങളിലും പരിപാടികളുമായി നല്ല രീതിയിൽ ഞങ്ങളുടെ ഗ്രൂപ്പ് മുന്നോട്ടു പോകുന്നുണ്ട്. മോഡലിംഗ് രംഗത്ത് പരിചയമില്ലാത്ത എന്നാൽ ഇതിലേക്ക് വരാൻ ആഗ്രഹമുള്ളവർക്ക് അവസരം ഒരുക്കാൻ ശ്രമിക്കും. വീട്ടമ്മമാരും പുരുഷന്മാരും കുട്ടികളും സീനിയർ സിറ്റിസൺസും എല്ലാം ഇതിൽ ഭാഗമാകാറുണ്ട്. പല ഡിസൈനേഴ്സിന്റെയും വർക്ക് ഷോക്കെയ്സ് ചെയ്തിട്ടുണ്ട്.നാട്ടിൽ വന്നപ്പോൾ, ബീന കണ്ണൻ ഡിസൈൻ ചെയ്ത ശീമാട്ടിയുടെ വർക്ക് ഷോക്കെയ്സ് ചെയ്തിരുന്നു.



എഞ്ചിനീയർ,സിംഗർ,ടീച്ചർ,ആർജെ,മോഡൽ എന്നിങ്ങനെ ഒരുപാട് കാര്യങ്ങൾ ചെയ്യുന്നുണ്ടല്ലോ.മൾട്ടി-ടാസ്കിങ് എളുപ്പമാണോ?

മൾട്ടി-ടാസ്കിങ്ങിൽ കഴിവുള്ള ആളല്ല. ഒരേസമയം പല കാര്യങ്ങൾ ചെയ്താൽ എല്ലാത്തിലും നൂറുശതമാനം നൽകാൻ സാധിക്കില്ല. ഇന്ദിര നോയി ഉൾപ്പെടെ പലരും ഇക്കാര്യം പറഞ്ഞിട്ടുണ്ട്. വീട്ടിലെ ജോലി,പാചകം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്ക് സഹായത്തിന് ആൾക്കാർ ഉള്ളതുകൊണ്ടാണ് കാര്യങ്ങൾ ഭംഗിയായി മുന്നോട്ടുപോകുന്നത്. ഇഷ്ടമുള്ള കാര്യങ്ങൾ മാത്രമേ ചെയ്യുന്നുള്ളു. സംഗീതവും നൃത്തവും മോഡലിംഗും എഞ്ചിനീയറിംഗും എല്ലാം എനിക്ക് അറിയാവുന്ന കാര്യങ്ങളാണ്. കഴിവില്ലാത്തതും അറിയാത്തതുമായ കാര്യങ്ങൾ ചെയ്യാനാണ് പ്രയാസം. എഞ്ചിനീയറിങ് രംഗത്തുനിന്ന് വിരമിച്ചാലും നൃത്തവും സംഗീതവും ഒപ്പം ഉണ്ടായിരിക്കും.

അദ്ധ്യാപിക എന്ന നിലയിൽ അഭിമാനം തോന്നിയ നിമിഷം?

നമ്മുടെ പെർഫോമൻസിനേക്കാൾ സംതൃപ്തി തോന്നുന്നത് നമ്മുടെ ശിഷ്യർ നൃത്തം ചെയ്യുമ്പോഴാണ്. കമ്മ്യൂണിറ്റി

കലോത്സവങ്ങൾക്കും റിയാലിറ്റി ഷോകൾക്കും ഞാൻ പഠിപ്പിച്ച കുട്ടികൾ മികവ് തെളിയിക്കുമ്പോൾ അഭിമാനം തോന്നും. അവർ കലാതിലകവും കലാപ്രതിഭയുമൊക്കെ ആകുന്ന അവസരത്തിൽ സ്റ്റേജിലേക്ക് നമ്മളെയും വിളിക്കുമ്പോൾ പറഞ്ഞറിയിക്കാൻ കഴിയാത്ത സന്തോഷമാണ്.ഒട്ടും ആത്മവിശ്വാസം ഇല്ലാതിരുന്ന കുട്ടികൾ മികവ് പ്രകടിപ്പിക്കുകയും അവരുടെ രക്ഷിതാക്കളുടെ കണ്ണുകൾ തിളങ്ങുകയും ചെയ്യുമ്പോഴാണ്, അദ്ധ്യാപി ക എന്ന നിലയിൽ മനസ്സ് നിറയുന്നത്.

നേട്ടങ്ങൾ? അംഗീകാരങ്ങൾ?

എം.ജി.യൂണിവേഴ്സിറ്റിയുടെ ഇന്റർസോൺ മത്സരത്തിൽ കലാതിലകം ആയതാണ് ആദ്യത്തെ വലിയ അംഗീകാരം. ഇന്ത്യൻ കൾച്ചർ സെന്ററിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്. ഇവിടത്തെ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ മിക്ക പരിപാടികൾക്കും എന്നെ ക്ഷണിക്കുകയും നൃത്തം അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യുന്നത് നേട്ടമായി കരുതുന്നു.ഇന്ത്യൻ പ്രസ് ക്ലബ്ബിന്റെ മീഡിയ അവാർഡ് ലഭിച്ചിട്ടുണ്ട്.അടുത്തിടെ, ഗ്ലോബൽ ഇന്ത്യൻ അവാർഡ് നൈറ്റ് വേദിയിൽ വച്ച് മീഡിയ പേഴ്സണാലിറ്റി അവാർഡ് ലഭിച്ചു.

കുടുംബത്തിന്റെ പിന്തുണ?

അച്ഛൻ,അമ്മ,സഹോദരി,സഹോദരൻ,ഭർത്താവ് എല്ലാവരും കലയുമായി ബന്ധപ്പെട്ടവരും സംഗീതവും നൃത്തവും ആസ്വദിക്കുന്നവരുമാണ്.അച്ഛൻ തബല വായിക്കും,അമ്മയും അനിയനും ഭർത്താവും പാട്ടുപാടും, അനിയത്തി ഡാൻസ് ചെയ്യും. അമ്മ മാത്രം അധ്യാപന രംഗത്തായിരുന്നു.ഇപ്പോൾ റിട്ടയർ ചെയ്തു.ബാക്കി എല്ലാവരും എഞ്ചിനീയറിംഗ് ഫീൽഡിലാണ്. കുടുംബത്തിന്റെ പിന്തുണ കൊണ്ടാണ് ഇതുവരെ എത്തിയത്.